പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 2464 — 11/10/2011-ൽ മറുപടിയ്ക്ക്

## വല്ലാർപാടം പുനരധിവാസ പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടി സ്ഥലവും വീടും നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പാക്കേജ് എന്തെന്ന് വ്യക്തമാക്കാമോ ; | (എ) കുടിയൊഴിപ്പിക്കപ്പെട്ടവരിൽ 5 സെന്റോ അതിൽ താഴെയോ ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റും അതിൽ കൂടുതൽ നഷ്ടപ്പെട്ടവർക്ക് 6 സെന്റും ഭൂമി അനുവദിച്ചു നൽകി. ഇതു കൂടാതെ പ്രതിമാസം 5000/- രൂപ നിരക്കിൽ 13 മാസത്തെ വാടകയും 1000/- രൂപ ഷിഫ്റ്റിംഗ് ചാർജ്ജും അനുവദിച്ചു. 06.06.2011-ലെ മുഖ്യമന്ത്രിയുടെ യോഗ തീരുമാനപ്രകാരം 27 മാസത്തെ വാടകകൂടി കുടിശ്ശികയായി അനുവദിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ 6 മാസ വാടകകൂടി അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇത് സംബന്ധിച്ച ഉത്തരവ് എന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) 1. 19.03.2008-ലെ സ.ഉ. (സാധാ) 62/08/റവന്യൂ നമ്പർ സർക്കാർ ഉത്തരവ്.<br>2. 26.05.08-ലെ സ.ഉ. (സാധാ) 163/08/റവന്യൂ നമ്പർ സർക്കാർ ഉത്തരവ്.<br>3. 23.05.09-ലെ സ.ഉ. (സാധാ) 186/09/റവന്യൂ നമ്പർ സർക്കാർ ഉത്തരവ്.<br>4. 06.06.2011-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ. |
| (സി) എത്ര പേർക്കാണ് ഇനിയും പട്ടയം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) ഏറ്റെടുത്ത കെട്ടിടഭാഗം പൊളിച്ചു നീക്കാത്ത 4 കക്ഷികൾക്ക് ഇനി പട്ടയം നൽകുവാനുണ്ട്. |
| (ഡി) ഇത് എന്ന് കൊടുത്തുതീർക്കാനാകും ; നിലവിൽ പട്ടയം നൽകുന്നതിന് തടസ്സമായ കാരണങ്ങൾ എന്തെല്ലാം ? | (ഡി) മേൽ 4 കക്ഷികളിൽ നിന്നും കെട്ടിട വിലയുടെ 25% ഈടാക്കിയ ശേഷം പട്ടയം അനുവദിക്കുവാൻ 04.10.2011-ൽ ചേർന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ തീരുമാനമെടുത്തു. പട്ടയ നടപടികൾ ഒരാഴ്ചയ്ക്കകം പൂർത്തിയാകും. |

സെക്ഷൻ ഓഫീസർ